(സി) പാവപ്പെട്ട ഗ്രാമീണ വിദ്യാർത്ഥികൾക്ക് മികച്ച നിലവാരത്തിലുള്ള അദ്ധ്യയനം നൽകുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകി പൊതു വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) സ്കൂളുകളിൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടും പല കാരണങ്ങൾ പറഞ്ഞ് ഉദ്യോഗസ്ഥർ അംഗീകാരത്തിനുള്ള അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല.

(ബി&സി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും 1-6-2012-ൽ ചേരുങ്ങിയത് അഞ്ചു വർഷമെങ്കിലും പൂർത്തിയാക്കിയതും സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014-ൽ അവസാനിച്ചിട്ടുണ്ട്. അതുപോലെ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് 5 വർഷം പ്രവർത്തനം പൂർത്തിയാക്കിയ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-1-2015-ൽ അവസാനിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂൾ

19(2870) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവ. ഹൈസ്കൂളിൽ ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ തസ്തികകളിലെല്ലാം നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10-ൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂൾ. 19-5-2011-ലെ സർക്കാർ ഉത്തരവ് (എം‌എസ്.) നമ്പർ 114/2011/പൊ.വി.വ. പ്രകാരം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ 6 (ആറ്) തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. (കോർ വിഷയങ്ങൾ - 4, ഭാഷാ വിഷയങ്ങൾ - 2). കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം ടി സ്കൂളിൽ ഒരു ക്ലാർക്കിന്റേയും രണ്ട് പ്യൂണിന്റേയും രണ്ട് ഫുൾടൈം മീനിയലിന്റേയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 1 മുതൽ 7 വരെ ക്ലാസ്സുകളിലേക്ക് 7 പ്രൈമറി അദ്ധ്യാപക തസ്തികകളും മേൽ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്:

ഹെഡ്മാസ്റ്റർ	-	1
എച്ച്.എസ്.എ. കോർ സബ്ജക്ട് (മലയാളം മാധ്യമം)	-	3
എച്ച്.എസ്.എ. ഹിന്ദി	-	1
എച്ച്.എസ്.എ. മലയാളം	-	1
പ്രൈമറി ടീച്ചേഴ്സ്	-	7
ക്ലാർക്ക്	-	1

ആർ.എം.എസ്.എ.-യുടെ 2015-16-ലെ വാർഷിക പദ്ധതിയിൽ ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കും മാത്രമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ സൃഷ്ടിക്കപ്പെട്ട മറ്റ് വിഭാഗങ്ങളിൽപ്പെട്ട തസ്തികകൾക്ക് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭിച്ച തസ്തികകൾക്ക് ആർ.എം.എസ്.എ.-യുടെ ഫണ്ടിൽനിന്നും ശമ്പളം നൽകാൻ കഴിയുന്നുണ്ട്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ നിശ്ചിത അംഗീകാരത്തിന്റെ അഭാവം കാരണം ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ഗവൺമെന്റ് ഹൈസ്കൂളിൽ സൃഷ്ടിച്ച എല്ലാ തസ്തികകളിലും നിയമനം നടത്താനാകാത്ത സാഹചര്യം കണക്കിലെടുത്ത് മറ്റു തസ്തികകളിൽ കെ.ഇ.ആർ. പ്രകാരം നിയമനം നടത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പളം സ്പാർക്ക് വഴി വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly